## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **1810**

17.12.2012 ലെ മറുപടിയ്ക്ക്

### ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ കേന്ദ്രസർക്കാർ സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . കെ. രാധാകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ സ്ഥാപനമായ ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ കേന്ദ്രസർക്കാർ സ്ഥാപനമാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) . ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) സെസ്സ് കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം ഏറ്റെടുക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് ഇതിനായുള്ള ധാരണാപത്രം അംഗീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ വിവിധ മേഖലകളിൽ പരിസ്ഥിതി ശാസ്ത്ര ഗവേഷണ സേവനങ്ങൾ ലഭ്യമാക്കുവാനുദ്ദേശിച്ച് സ്ഥാപിതമായ ഈ സ്ഥാപനം കേന്ദ്രസർക്കാരിന് കൈമാറുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ ; | (സി) കേരള സർക്കാരിന്റെ കീഴിൽ 1978-ൽ സ്ഥാപിതമായ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് കഴിഞ്ഞ 34 കൊല്ലത്തിൽ തനതുതുറയിൽ മുൻപന്തിയിലുള്ള ഒരു സ്ഥാപനമായി വളർന്നിട്ടുണ്ട്. ഇതിന്റെ തുടർന്നുള്ള വളർച്ചയ്ക്ക് അടിസ്ഥാനപരമായുള്ള കാര്യങ്ങൾക്കും മാനവ വിഭവശേഷിക്കും ഭാരിച്ച മൂലധന ചെലവ് വേണ്ടിവരുമെന്ന തിനാലും, കേന്ദ്ര സർക്കാരിന്റെ കീഴിൽ സ്വയംഭരണ സ്ഥാപനമായി സെസ്സിന് വളരാൻ കഴിയുമെന്ന കാര്യങ്ങൾ ആണ് സെസ്സ് കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നതി നുള്ള തീരുമാനത്തിലേയ്ക്ക് വഴിതെളിച്ചത്. |

(ഡി) ഗവേഷണ സ്ഥാപനങ്ങളിൽ സ്വകാര്യമൂലധനം അനുവദിക്കാ--നുള്ള കേന്ദ്രനയത്തിന്റെ മറവിൽ ഈ സ്ഥാപനത്തെയും സ്വകാര്യ കുത്തകകളുടെ കൈയിൽ എത്തി-ക്കുവാനുള്ള എന്തെങ്കിലും നീക്കം ഇതിനു പിന്നിലുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സെസ്സ് മൂന്നാമതൊരു സ്ഥാപനത്തിന് കൈമാറുകയില്ലായെന്ന് ഉറപ്പു നൽകുന്നതിന് ധാരണാപത്രത്തിൽ വ്യവസ്ഥ വച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ അഭിമാന സ്ഥാപനമായ സെസ്സിനെസംസ്ഥാന സർക്കാർ സ്ഥാപനമായിത്തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(ഇ) സെസ്സ് കേന്ദ്ര സർക്കാരിന്റെ കീഴിൽ ഒരു സ്വയം ഭരണ സ്ഥാപനമായി മാറുമ്പോൾ സെസ്സിന്റെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടും എന്നതുകൊണ്ടും നിലവിൽ സംസ്ഥാനത്തിന് സെസ്സിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ തുടർന്നും മെച്ചപ്പെട്ട രീതിയിൽ ലഭിക്കുമെ-ന്നതു കൊണ്ടും തുടർന്നുള്ള വളർച്ചയ്ക്ക് ആവശ്യമായ മൂലധന ചിലവ് കേന്ദ്ര സർക്കാരിലേയ്ക്ക് ആകും എന്നതു കൊണ്ടും കേന്ദ്ര സർക്കാരിന്റെ കീഴിൽ സംസ്ഥാനത്ത് തന്നെ സെസ്സ് ഒരു സെന്റർ ഓഫ് എക്സെലൻസ് ആയി പ്രവർത്തിക്കും എന്നത് സംസ്ഥാനത്തിന് അഭിമാനകരമായതാണ്. അതിനാൽ സെസ്സ് സംസ്ഥാന സർക്കാരിന്റെ കീഴിൽ നിലനിർത്തേണ്ട ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല.

സെക്ഷൻ ഓഫീസർ